# പ്രക്രുതിയും  വിക്രുതിയും

തൊടുപുഴ  കെ.ശങ്കർ


Thodupuzha Krishnaswamy Shankar

എന്തൊരാശ്ചര്യം  കാലഭേദങ്ങളിത്യാദികൾ
എന്തൊരന്തരം  രണ്ടു  രാജ്യങ്ങൾ  തമ്മിൽ  തമ്മിൽ!
‘സുപ്രഭാത’മെന്നഭിവാദ്യമേകുമ്പോളുടൻ
‘സുന്ദരസായാ□ ’മെന്നോതുന്നെൻ  പ്രിയ  മിത്രം!

വ്യത്യസ്തം  മഹിയാകെ,  ഭാഷകൾ,  ആചാരങ്ങൾ
പ്രത്യക്ഷമല്ലോ  ഭിന്നസൂര്യാസ്തമനങ്ങൾ!
മദ്ധ്യത്തിലഗാധമാം  സാഗരം  കരകളിൽ
മർത്ത്യരുണ്ടെല്ലാത്തിലും  വൈവിദ്ധ്യമിയന്നവർ!

സൂര്യനൊന്നാകാശത്തിൽ,  ചക്രവാളങ്ങൾ  രണ്ടും
ഉദയാസ്തമനങ്ങൾ  വ്യത്യസ്തനേരങ്ങളിൽ!
ഇവിടുന്നാദേശത്തിൽ  ചെല്ലുവോർ  രാവെന്നപോൽ
ഇരുന്നുറങ്ങുന്നൂ  പകൽ,  രാത്രിയിലുണരുന്നു!

എങ്കിലും  പഴക്കത്താൽ  മാറുന്നീശീലം  മെല്ലെ
ഏതുദിക്കിലും  വാഴാൻ  പ്രാപ്തരാക്കുന്നു  സ്വയം!
പ്രക്രുതിയ്ക്കനുസ്രുതമിഴുകിച്ചേരും  ഗുണം
പ്രഭുവായ്  മനുഷ്യനു  നൽകിയവരദാനം!

ഇക്കരെവസിപ്പവർ  നിദ്രയിലമരുമ്പോൾ
അക്കരെയുണർന്നവർ  കർമ്മോത്സുകരാകും!
നിദ്രയിൽ  ലോകം  സർവ്വമാഴ്ന്നിടാതിരിയ്ക്കുവാൻ
ചിദ്രൂപൻ  കാലേകൂട്ടി  ചെയ്തതീ  വിന്യാസങ്ങൾ!

കർമ്മനിരതരോരോ  ജീവിയും  ബ്രഹ്മാണ്ഡത്തിൽ
ധർമ്മമാണതീശ്വര  സ്രുഷ്ടിതൻ  വൈശിഷ്ടവും!
പ്രക്രുതികൽപ്പിച്ചൊരീ  വ്യത്യസ്തകാലാന്തരം
പ്രതിഭാസമായല്ലോ  കാണ്മൂ  നാം  നിരന്തരം!

മടങ്ങി  സ്വന്തം  നാട്ടിലെത്തിയാലുടൻ  തന്നെ
മറക്കുന്നെല്ലാം  പൂർവ്വസ്ഥിതിയെപ്രാപിയ്ക്കുന്നു!
പ്രക്രുതിയ്ക്കനുസ്രുതമിഴുകിച്ചേരും  ഗുണം

പ്രഭുവായ് കനിഞ്ഞിട്ടൊരുൽക്രുഷ്ട വരദാനം!

പരന്നപാരാവാരം പുളിനങ്ങളിൽ വാഴും
നരന്മാർ പരസ്പരം വ്യത്യസ്തരെല്ലാത്തിലും!
അമ്പരന്നിരുന്നുപോം കേവലർ മനുഷ്യർ നാം
അംബരക്കീഴിലെയീ മായാലീലകൾ കാൺകെ!

ഉദയാസ്തമനങ്ങൾ രണ്ടുദേശങ്ങളിലും
ഉടയോൻ കൽപ്പിച്ചപോൽനടക്കുന്നൊരേനേരം!
ഉദയം ദർശിച്ചുടനവിടെച്ചെന്നാൽ കാണാം
ഉടനെയസ്തമിയ്ക്കാനൊരുങ്ങുമരുണനെ !

സുപ്രഭാതത്തിൽ കണ്ട പൈതലെയൊരുവയോ-
വ്രുദ്ധനായ് കാണുന്ന പോലല്ലയോ ദിനാന്ത്യത്തിൽ?
തികച്ചും നിഗൂഢങ്ങളല്ലയോ പ്രക്രുതിതൻ
തിരഞ്ഞാലൊരിയ്ക്കലും കിട്ടാത്ത രഹസ്യങ്ങൾ!

വിക്രുതി= സ്വഭാവത്തിലുള്ള മാറ്റം, അസ്വാഭാവികത ഛന്ദസ്സ് എന്നെല്ലാം.

*******************